(സി) ഈറ്റ, തഴ, കാട്ടുവള്ളി തൊഴിലാളി ക്ഷേമനിധി ഉണ്ടാക്കാനുള്ള ആക്ട് 1998 ആഗസ്റ്റിൽ പാസ്സാക്കിയശേഷം അതിന്റെ പദ്ധതിയും റൂളും ജി.ഒ.എം.എസ്.നം. 70/99/തൊഴിൽ തീയതി, 18.8.1999 എന്ന ഉത്തരവിൽ പുറപ്പെടുവിച്ചുകഴിഞ്ഞു. ഇതിന്റെ ബോർഡ് ഈ വർഷത്തിൽത്തന്നെ രൂപീകരിക്കുന്നതാണ്.

94 (490) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ തൊഴിൽവകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) തൊഴിൽവകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡ് ചെയർമാൻമാർ 1999 ജനുവരി ഒന്നുമുതൽ മേയ് 31 വരെ യാത്രപ്പടിയിനത്തിലും ടെലിഫോൺ ബില്ല് ഇനത്തിലും എന്തു തുക വീതം കൈപ്പറ്റിയിട്ടുണ്ടെന്ന് വിശദാംശം സഹിതം വ്യക്തമാക്കുമോ;

(സി) മോട്ടാർ തൊഴിലാളി ക്ഷേമനിധി ബോർഡ്, ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്, കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയുടെ ചെയർമാൻമാർ ബോർഡ് ആവശ്യങ്ങൾക്ക് അല്ലാതെ വാഹനങ്ങൾ ദുരുപയോഗപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ചെയർമാൻമാർ ഉപയോഗിച്ച വാഹനങ്ങൾ ഈ കാലയളവിൽ എത്ര കിലോമീറ്റർ ഓടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ബോധവൽക്കരണ ക്യാമ്പുകൾ നടത്തി പദ്ധതിയിൻകീഴിൽ കൂടുതൽ അംഗങ്ങളെ ചേർക്കുന്നതിന് ബോർഡ് തലത്തിൽ നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ, പുതിയ ക്ഷേമപദ്ധതികൾ ബോർഡ് യോഗത്തിൽ ചർച്ചയ്ക്ക് വിധേയമാക്കി സർക്കാർ അംഗീകാരത്തോടുകൂടി നടത്തിവരികയും ചെയ്യുന്നുണ്ട്.

(ബി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഇല്ല.

(ഡി) മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ്, കശുവണ്ടിത്തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് എന്നിവയുടെ ചെയർമാൻമാർ ഉപയോഗിച്ച കാർ ഈ കാലയളവിൽ യഥാക്രമം 16,353, 17,792, 15,933 കി.മീറ്റർ ഓടിയിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly